# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4401 — 04.02.2014 ൽ മറുപടിക്ക്

**സ്കൂൾ കലോൽസവത്തിൽ വാതുവയ്പുകാരുടെയും ഇടനിലക്കാരുടെയും ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | 2013-14 അദ്ധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ വാതുവെയ്പ്പ് സംഘങ്ങളുടെയും ഇടനിലക്കാരുടെയും ഇവർക്ക് വിധേയരായ ചില വിധികർത്താക്കളുടെയും നടത്തിപ്പ് ജീവനക്കാരുടെയും ഇടപെടലും സംബന്ധിച്ച് മത്സരാർത്ഥികളും, രക്ഷകർത്താക്കളും വിദ്യാർത്ഥികളുടെ ഗുരുസ്ഥാനീയരും പരാതിപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ കണ്ടെത്തിയ വിധികർത്താക്കളും നടത്തിപ്പുകാരും ആരെല്ലാമെന്നും എന്തു നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | പരാതി പ്രകാരം ലഭിച്ച വിധികർത്താക്കളുടെ ലിസ്റ്റ് പരിശോധിക്കുന്നതും മേലിൽ അന്തിമ ലിസ്റ്റ് ഇവരെ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കുന്നതുമാണ്. |
| (സി) | കലോൽസവത്തിൽ വാതുവെയ്പ്പുകാരുടെയും മറ്റ് സംസ്ഥാന വ്യവസായ പ്രമുഖരുടെയും സിനിമ നിർമ്മാതാക്കളുടെയും ഇത്തരത്തിലുള്ള ഇടപെടൽ തടയുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു; എങ്കിൽ ഇത്തരത്തിൽ ഇടപെടലുകൾ നടത്തപ്പെട്ടവരായി കണ്ടെത്തിയവർ ആരെല്ലാം; എന്തു നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (സി) | കണ്ടെത്തിയിട്ടില്ല. അന്വേഷണത്തിനായി പാലക്കാട് എസ്.പി ഓഫീസിൽ അറിയിച്ചിട്ടുണ്ട്. അന്വേഷണറിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ് |

| | | | |
|---|---|---|---|
| (ഡി) | കലോൽസവത്തിൽ കുറ്റമറ്റ വിധി നിർണ്ണയം നടത്താൻ കഴിഞ്ഞില്ല എന്ന രഹസ്യാന്വേഷണ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു; | (ഡി) | രഹസ്യാന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് എറണാകുളം കളക്ടർ പാലക്കാട് എസ്.പിയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഇപ്പോൾ കണ്ടുവരുന്ന ഇത്തരം അനാവശ്യ മത്സരം ഒഴിവാക്കാൻ കലോത്സവ ഘടനയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; എങ്കിൽ എപ്രകാരമുള്ള മാറ്റങ്ങളാണ് എന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് തരുന്ന മുറയ്ക്ക് മാറ്റങ്ങൾ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ